## പതിമൂന്നാം കേരള നിയമസഭ

**ഒൻപതാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 2877 — 20.06.2013-ൽ മറുപടിയ്ക്ക്

**"റോഡ് ഇൻഫ്രാസ്ട്രക്ചർ കമ്പനി " യുടെ പ്രവർത്തനം**

| ചോദ്യം | | മറുപടി | |
|---|---|---|---|
| | **ശ്രീ. എ.എ.അസീസ്** | | **ശ്രീ.വി.കെ. ഇബ്രാഹിം കുഞ്ഞ്** (പൊതുമരാമത്ത് വകുപ്പുമന്ത്രി) |
| (എ) | സംസ്ഥാനത്ത് സ്ഥാപിതമായ "റോഡ് ഇൻഫ്രാസ്ട്രക്ചർ കമ്പനി"യുടെ പ്രവർത്തനങ്ങൾ വിശദമാക്കുമോ ; | (എ) | സംസ്ഥാനത്തെ തെരഞ്ഞെടുക്കപ്പെട്ട 1204 കി.മീ റോഡുകൾ ഇൻഡ്യൻ റോഡ്സ് കോൺഗ്രസ്സിന്റെ മാനദണ്ഡങ്ങൾക്കനുസൃതമായി സമഗ്ര വികസനത്തിന് സംസ്ഥാന റോഡ് വികസന പദ്ധതി (SRIP) യ്ക്ക് രൂപം നൽകിയിട്ടുണ്ട്. ഇത് രണ്ട് പാക്കേജുകളിലായിട്ടാണ് നടപ്പിൽ വരുത്തുന്നത്. സ്ഥലമേറ്റെടുക്കൽ ഇല്ലാതെ നവീകരണം നടത്തുന്നതിന് 551 കി.മീ റോഡുകൾ റീഹാബിലിറ്റേഷൻ പാക്കേജിലും വളവുകൾ നിവർത്തുന്നതിനും ജംഗ്ഷൻ വികസനത്തിനുമായി അത്യാവശ്യം സ്ഥല മേറ്റെടുക്കൽ വേണ്ടി വരുന്ന 653 കി.മീ റോഡുകൾ അപ്ഗ്രഡേഷൻ പാക്കേജിലും ഉൾപ്പെടുത്തിയാണ് നവീകരിക്കുന്നത്. ഇത് നടപ്പാക്കുന്നതിന് വേണ്ടിയാണ് റോഡ് ഇൻഫ്രാസ്ട്രക്ചർ കമ്പനി (RICK) എന്ന കമ്പനി രൂപീകരിച്ചിരിക്കുന്നത്. റീഹാബിലിറ്റേഷൻ പാക്കേജിൽ ഉൾപ്പെടുത്തിയിട്ടുള്ള 551 കി.മീ റോഡുകളുടെ വിശദമായ പ്രോജക്ട് റിപ്പോർട്ട് വിൽബർ സ്മിത്ത് എന്ന കൺസൾട്ടൻസി കമ്പനിയെ ചുമതലപ്പെടുത്തിയതനുസരിച്ച് തയ്യാറാക്കുകയും അവ അന്യൂറ്റി അടിസ്ഥാനത്തിൽ പൂർത്തീകരിക്കുന്നതിന് ഓഫറുകൾ ക്ഷണിക്കുകയും ചെയ്തിട്ടുണ്ട്. അപ്ഗ്രഡേഷൻ പാക്കേജിൽ ഉൾപ്പെടുത്തിയിട്ടുള്ള 653 കി.മീ റോഡുകളുടെ വിശദമായ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കുന്നതിന് ഈജിസ് ഇന്ത്യ എന്ന കൺസൾട്ടൻസി കമ്പനിയെ ചുമതലപ്പെടുത്തുകയും അവർ നടപടികൾ ആരംഭിക്കുകയും ചെയ്തുകഴിഞ്ഞു. |
| (ബി) | ഈ കമ്പനി നാളിതുവരെ എത്ര തുക ചെലവഴിച്ചു എന്ന് വ്യക്തമാക്കുമോ ? | (ബി) | ഈ കമ്പനി നാളിതുവരെ പ്രാരംഭ പ്രവർത്തനങ്ങൾക്കും കൺസൾട്ടൻസി ഫീസിനുമായി രണ്ടേകാൽ കോടി രൂപ ചെലവാക്കിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ